**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 241** **08-10-2025 - ൽ മറുപടിയ്ക്ക്**

**പാഠപുസ്തകങ്ങളുടെ രണ്ടാം ഭാഗത്തിന്റെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങളുടെ രണ്ടാം ഭാഗം വിതരണം ചെയ്യാത്തതിനാൽ പഠന പ്രവർത്തനങ്ങളിൽ തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി നിരവധിയായ പദ്ധതികളാണ് വകുപ്പ് അതിന്റെ വിവിധ ഏജൻസികൾ വഴി നടപ്പിലാക്കിവരുന്നത്. പന്ത്രണ്ട് വർഷങ്ങൾക്കു ശേഷം നമ്മൾ ഒന്നു മുതൽ പത്താം ക്ലാസ് വരെയുള്ള ആകെ അഞ്ഞൂറ്റി തൊണ്ണൂറ്റി മൂന്ന് പാഠപുസ്തകങ്ങളാണ് പരിഷ്കരിച്ച് പുറത്തിറക്കിയത്. ഒന്നും രണ്ടും ക്ലാസുകളിൽ പാഠപുസ്തകങ്ങൾക്ക് പുറമെ കുട്ടികൾക്ക് ചെയ്ത് പഠിക്കുന്നതിനായി പ്രവർത്തന പുസ്തകങ്ങളും തയ്യാറാക്കി വിതരണം ചെയ്തു. എഴുത്തും വായനയും അടിസ്ഥാന ഗണിതവുമെല്ലാം രണ്ടാം ക്ലാസ് കഴിയുമ്പോൾ തന്നെ ഉറപ്പിക്കുന്നതിനാണ് ഇത്തരത്തിൽ പുസ്തകങ്ങൾ നൽകിയത്.<br><br>ചരിത്രത്തിൽ ആദ്യമായി അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ കലാവിദ്യാഭ്യാസത്തിന് 5 മേഖലകളിൽ പ്രാധാന്യം നൽകി. സിനിമ, നാടകം, നൃത്തം, സംഗീതം, ചിത്രരചന പാഠപുസ്തകങ്ങൾ തയ്യാറാക്കി അച്ചടിച്ച് വിതരണം ചെയ്തു. ഒന്നു മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി ഹെൽത്തി കിഡ്സ് എന്ന പാഠപുസ്തകവും , അഞ്ചാം ക്ലാസ് മുതൽ ആരോഗ്യകായിക വിദ്യാഭ്യാസത്തിനായി പ്രത്യേകം പുസ്തകങ്ങളും തയ്യാറാക്കി. അഞ്ചാം ക്ലാസ് മുതൽ തൊഴിൽ വിദ്യാഭ്യാസത്തിനായും പ്രത്യേകം പുസ്തകങ്ങൾ പതിനൊന്ന് മേഖലകളിൽ തയ്യാറാക്കി വിതരണം ചെയ്തു.<br><br>നമ്മുടെ സംസ്ഥാനത്ത് ഒന്നു മുതൽ പത്താം ക്ലാസ് വരെ 2 ഭാഗങ്ങളിലായി അഞ്ച് കോടി തൊണ്ണൂറ്റിയാറ് ലക്ഷം പുസ്തകങ്ങളാണ് അച്ചടിച്ച് വിതരണം ചെയ്യേണ്ടത്. വിവിധ വകുപ്പുകളുടെ ഏകോപനം കൃത്യമായി ആവശ്യമുള്ള ഒരു പ്രവർത്തനമാണിത്. |

| | | | |
|---|---|---|---|
| | | | എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ കെ.ബി.പി.എസ് - ൽ അച്ചടിച്ച് കുടുംബശ്രീ വഴിയാണ് വിതരണം ചെയ്യുന്നത്. പേപ്പർ വാങ്ങുന്നതിന് സംസ്ഥാന അച്ചടി , സ്റ്റേഷനറി വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങളും ആവശ്യമാണ്. ജില്ലാ ഹബ്ബുകളിൽ എത്തിക്കുന്ന പുസ്തകങ്ങൾ സ്കൂൾ സൊസൈറ്റികൾ വഴിയാണ് വിതരണം ചെയ്യുന്നത്. ഇവിടെ എവിടെയെങ്കിലും കാലതാമസം ഉണ്ടായാൽ പുസ്തക വിതരണത്തെ ബാധിക്കാൻ ഇടയുണ്ട്.<br><br>എന്നാൽ സംസ്ഥാന ജില്ലാതലങ്ങളിലെ ഏകോപനത്തോടു കൂടിയുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സഹായിച്ചു. കഴിഞ്ഞ വർഷം ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒമ്പത് ക്ലാസുകളിലും ഈ വർഷം രണ്ട്, നാല്, ആറ്, എട്ട്, പത്ത് ക്ലാസുകളിലും പുസ്തകങ്ങൾ പരിഷ്കരിച്ചു. കഴിഞ്ഞ വർഷത്തേക്കാൾ മുന്നേയാണ് ഈ വർഷം പുസ്തകങ്ങൾ വിതരണം ചെയ്തത്. സംസ്ഥാന രൂപീകരണത്തിനു ശേഷം ആദ്യമായാണ് ഒമ്പതാം ക്ലാസിലെ പരീക്ഷ കഴിയുന്നതിനു മുമ്പായി പത്താം ക്ലാസിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങൾ നമ്മൾ വിതരണം ചെയ്തത്.ഈ വർഷം പരിഷ്കരിച്ച പാഠപുസ്തകങ്ങളുടെ രണ്ടാം ഭാഗം പുസ്തകങ്ങൾ പഠിപ്പിക്കുന്നതിനായുള്ള സമയക്രമം എസ്.സി.ഇ.ആർ.ടി സ്കീം ഓഫ് വർക്ക് ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം ഒക്ടോബർ 15 - നും ചിലത് നവംബർ മാസത്തിലുമാണ് പുസ്തകങ്ങൾ പഠിപ്പിച്ചു തുടങ്ങേണ്ടത്.<br><br>ഇത് ഒന്നും കാണാതെയാണ് ചില മാധ്യമങ്ങൾ തെറ്റിദ്ധാരണ പരത്തുന്നത്.ഇത് സംബന്ധിച്ച് സംസ്ഥാനത്തുള്ള നാൽപ്പതിൽ അധികം അധ്യാപക സംഘടനകളോ, വിദ്യാർത്ഥി സംഘടനകളോ, രക്ഷിതാക്കളോ, കുട്ടികളോ ഇതുവരെ വിദ്യാഭ്യാസ വകുപ്പിന് പരാതികൾ ഒന്നും തന്നെ നൽകിയിട്ടില്ല. |
| (ബി) | യഥാസമയം പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | പാഠപുസ്തകങ്ങൾ എല്ലാം തന്നെ കഴിഞ്ഞ 4 വർഷവും കൃത്യസമയത്തുതന്നെയാണ് വിതരണം ചെയ്തിട്ടുള്ളത്. കഴിഞ്ഞ വർഷവും ഈ വർഷവും പരിഷ്കരിച്ച പുസ്തകങ്ങളായിട്ടു കൂടി കൃത്യസമയത്തുതന്നെ പുസ്തകങ്ങൾ വിതരണം ചെയ്തു. |
| (സി) | പാഠപുസ്തക വിതരണത്തിലെ കാലതാമസം കാരണം പഠിപ്പിച്ചു തീർക്കാൻ സമയം ലഭിക്കില്ലെന്ന അദ്ധ്യാപകരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സംസ്ഥാനത്തെ ഈ അധ്യയനവർഷം ഏറെ പുതുമകളോടെയാണ് മുന്നോട്ട് പോകുന്നത്. സ്കൂൾ പഠനസമയം ആകെ അര മണിക്കൂർ ദീർഘിപ്പിച്ച |

| | | | |
|---|---|---|---|
| | എങ്കിൽ ഇത് പരിഹരിക്കാൻ ഏന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | നൽകിയിട്ടുണ്ട്. പുതിയ പുസ്തകങ്ങളും പുതിയ പരീക്ഷാ രീതികളും നിലവിൽ വന്നു. പുതിയ പുസ്തകങ്ങളുടെ രണ്ടാം ഭാഗം ഒക്ടോബർ 15 - നും നവംബർ മാസത്തിലുമാണ് പഠിപ്പിച്ചു തുടങ്ങേണ്ടത്. ഈ നിർദ്ദേശങ്ങൾ എല്ലാം എല്ലാ അധ്യാപകർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ